**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1811** **08-10-2021 - ൽ മറുപടിയ്ക്ക്**

**നടുവണ്ണൂർ വോളീബോൾ അക്കാദമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | നടുവണ്ണൂർ വോളീബോൾ അക്കാദമിയുടെ നിർമ്മാണ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | 2016-17 ബജറ്റിലെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച കോഴിക്കോട് നടുവണ്ണൂർ വോളീബോൾ അക്കാദമിയുടെ നിർമ്മാണത്തിന് 9.26 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട്. നിലവിൽ പദ്ധതിയുമായി ബന്ധപ്പെട്ട ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണവും അനുബന്ധ സിവിൽ, ഇലക്ട്രിക്കൽ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. സ്പോർട്സ് ഫ്ളോറിംഗ് പ്രവൃത്തികൾക്കായുള്ള ടെണ്ടർ ക്ഷണിക്കുകയും ആയതിന്റെ സൂക്ഷ്മ പരിശോധന നടന്നുവരികയുമാണ്. ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റിയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ഫ്ളോറിംഗ് പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. |
| (ബി) | പ്രസ്തുത അക്കാദമിയിൽ പരിശീലനത്തിനായി എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഒരുക്കുന്ന സൗകര്യങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു. 1) ഇൻഡോർ സ്റ്റേഡിയം 24x15 മീറ്റർ വിസ്തീർണ്ണത്തിലുള്ള 2 ഇൻഡോർ വോളീബോൾ കോർട്ടുകൾ മേപ്പിൾ വുഡ് ഫ്ളോറിംഗ് വോളീബോൾ കോർട്ടുകൾക്കായി മൂവബിൾ വോളീബോൾ പോസ്റ്റുകൾ ഗ്രൗണ്ട് ഫ്ളോർ - നാല് ഡോർമെറ്ററികൾ, ഡൈനിംഗ് റൂം, കിച്ചൺ, ഇലക്ട്രിക് ഫയർ കൺട്രോൾ റൂം, ടോയ്ലറ്റുകൾ ഒന്നാംനില - നാല് ഡോർമെറ്ററികൾ, ചെയിഞ്ചിംഗ് റൂം, ജിംനേഷ്യം, ഓഫീസ് റൂം, ലോക്കർ റൂം, ടോയ്ലറ്റുകൾ 2) ഔട്ട്ഡോർ വോളീബോൾ കോർട്ട് |
| (സി) | അക്കാദമിയുടെ പ്രവൃത്തി പൂർത്തീകരിച്ച് എപ്പോൾ പരിശീലനത്തിനായി വിട്ടുകൊടുക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ? | (സി) | സ്പോർട്സ് ഫ്ളോറിംഗ് പ്രവൃത്തികൾ ഉൾപ്പെടെ പൂർത്തീകരിച്ച് 2021 ഡിസംബർ അവസാനത്തോടെ അക്കാഡമി, പരിശീലനത്തിനായി വിട്ടുകൊടുക്കാൻ കഴിയുമെന്ന് കിഫ്ബി പദ്ധതികളുടെ എസ്.പി.വിയായ കിറ്റ്കോ ലിമിറ്റഡ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ